# കൃഷ്ണാട്ടം - ആമുഖം

## എ. പുരുഷോത്തമൻ

കൃഷ്ണാട്ടം, അഥവാ കൃഷ്ണനാട്ടം, ഗുരുവായൂർ അമ്പലത്തിൽ (ഗുരുവായൂർ, 680101, തൃശ്ശൂർ ജില്ല, കേരളം), ഗുരുവായൂർ ദേവസ്വത്തിന്റെ സംരക്ഷണത്തിലുള്ള കളിയോഗം നടത്തി വരുന്ന ഒരു നാട്യകലയാണ്. സാമൂതിരി രാജാവായ മാനവേദൻ, 1654ൽ എഴുതിയ, പദങ്ങളും ശ്ളോകങ്ങളും അടങ്ങിയ കൃഷ്ണഗീതി എന്ന സംസ്കൃത കാവ്യത്തെ അടിസ്ഥാനമാക്കിയാണ് കൃഷ്ണാട്ടം കളി രൂപപ്പെടുത്തിയിട്ടുള്ളത്. ശ്രീമദ്ഭാഗവതം, മഹാഭാരതം, ഹരിവംശം എന്നീ പുരാണേതിഹാസങ്ങളിൽ വിശദമായി വർണ്ണിച്ചിട്ടുള്ള കൃഷ്ണന്റെ കഥ പാട്ടും, നൃത്തവും നടനവുമായി, എട്ടു കളികളുടെ ഒരു ശ്രേണിയായി എട്ടു ദിവസങ്ങളിലായി അവതരിപ്പിക്കുന്നു. അവതാരം, കാളിയമർദ്ദനം, രാസക്രീഡ, കംസവധം, സ്വയംവരം, ബാണയുദ്ധം, വിവിദവധം, സ്വർഗ്ഗാരോഹണം എന്നാണ് കളിയുടെ ക്രമം.

**കളിയുടെ പ്രാരംഭച്ചടങ്ങുകൾ**

കേളികൊട്ടാണ് കളിയുടെ ആദ്യത്തെ ചടങ്ങ്. മദ്ദളം, ചേങ്ങല, ഇലത്താളം എന്നിവ ഉപയോഗിച്ച്, അമ്പലത്തിന്റെ കിഴക്കേ നടയിൽ, പകൽ സമയത്ത് കേളികൊട്ട് നടത്തുന്നു. സമീപവാസികളെ രാത്രിയിൽ നടക്കാൻ പോകുന്ന കളിയെപ്പറ്റി, അറിയിക്കുകയാണ് കേളികൊട്ടിന്റെ ഉദ്ദേശ്യം. സന്ധ്യാസമയത്ത് അമ്പലത്തിനുള്ളിലെ ചമയമുറിയിൽ വിളക്കു കൊളുത്തുന്നു. ഈ വിളക്കിൽ നിന്നും തിരി കൊളുത്തിയ മറ്റൊരു വിളക്കിനു ചുറ്റും നിലത്തിരുന്ന് നടന്മാർ വേഷം ചമയൽ തുടങ്ങുന്നു.

നടയടച്ച ശേഷം, ചമയ മുറിയിലെ വിളക്കിൽ നിന്നും തിരി കൊളുത്തി, ശ്രീകോവിലിനു വടക്കു വശത്തെ കളിയരങ്ങിൽ, ഒരു ബ്രാഹ്മണൻ, കളിവിളക്ക് കൊളുത്തുന്നു. (സമയം രാത്രി ഏകദേശം പത്തു മണി). ഇതിനു ശേഷം, കളിവിളക്കിനു പിന്നിൽ, നിലത്ത്, വാദ്യോപകരണങ്ങൾ കൊണ്ടുവെയ്ക്കുന്നു (ശുദ്ധമദ്ദളം, തൊപ്പി മദ്ദളം, ഇലത്താളം, ചേങ്ങല). മദ്ദളക്കാർ മദ്ദളങ്ങൾ തൊട്ടു വന്ദിച്ച ശേഷം, അവയെടുത്ത്, രണ്ടു വശത്തും ശബ്ദക്രമീകരണത്തിനുവേണ്ടി ഓരോ പ്രാവശ്യം കൊട്ടിയ ശേഷം അരയിൽ ഉറപ്പിക്കുന്നു. തുടർന്ന്, മദ്ദളങ്ങളും, ഇലത്താളവും ചേങ്ങലയും ഉപയോഗിച്ച് കേളിക്കയ്യ് തുടങ്ങുന്നു.

കേളിക്കയ്യ് കഴിഞ്ഞാൽ, കളിവിളക്കിനു പിന്നിൽ, ദീർഘ ചതുരാകൃതിയിലുള്ള വർണ്ണശബളമായ ഒരു തിരശ്ശീല പിടിക്കുന്നു. തിരശ്ശീലക്കു പിന്നിൽ, ആ ദിവസത്തെ കളിയിലെ സ്ത്രീവേഷക്കാർ *തോടയം* ആടുന്നു. ഈശ്വരനെ പ്രാർത്ഥിച്ച്, രാഗതാളങ്ങൾക്കനുസരിച്ച് പാട്ടു പാടുമ്പോൾ, നടന്മാർ ചുവടുവെച്ചു

ചൊല്ലിയാടുന്നു. ഇത് കാണികൾക്കു ഉള്ളതല്ല. കാളിയമർദ്ദനത്തിലെ അഞ്ചാമത്തെ പദത്തിലെ, " *നാരായണ, നരകാന്തക*" എന്നു തുടങ്ങുന്ന വരികളാണ് തോടയത്തിനുപയോഗിക്കുന്നത്. എല്ലാ കളികളും തുടങ്ങുമ്പോൾ, *സൗവർണ്ണാത്ഭുത* എന്നു തുടങ്ങുന്ന ശ്ളോകം കഥാരംഭ മംഗളമായി ആലപിക്കുന്നു.

| കളികൾ | പുറപ്പാടിലെ വേഷങ്ങൾ |
|---|---|
| അവതാരം | ബ്രഹ്മാവ്, ഭൂമീദേവി |
| കാളിയമർദ്ദനം | കൃഷ്ണൻ, ബലരാമൻ, നന്ദൻ, ഉപനന്ദൻ |
| രാസക്രീഡ | കൃഷ്ണൻ |
| കംസവധം | കൃഷ്ണൻ, ബലരാമൻ |
| സ്വയംവരം | കൃഷ്ണൻ, ബലരാമൻ |
| ബാണയുദ്ധം | കൃഷ്ണൻ, സത്യഭാമ, ഗരുഡൻ |
| വിവിദവധം | 1. ബലരാമനും പത്നിമാരും<br>2. കൃഷ്ണൻ, ഭീമൻ, അർജ്ജുനൻ |
| സ്വർഗ്ഗാരോഹണം | |

പിന്നെ പുറപ്പാടായി. നൃത്തകലാസംവിധാനത്തിന്റെ പരിശുദ്ധമായ ഒരിനമാണ് പുറപ്പാട്. കൃഷ്ണനോ, ബലരാമനോ, രണ്ടു പേരും കൂടിയോ, മറ്റു വേഷങ്ങളോടൊപ്പമോ, ചുവടു വെച്ച്, ഒരു പ്രത്യേക രീതിയിൽ നൃത്തം ചെയ്യുന്നതാണ് പുറപ്പാട്. അവതാരം കളിയിൽ ഒന്നാമത്തെ രംഗം (ബ്രഹ്മാവും ഭൂമീദേവിയും) പുറപ്പാടായി കണക്കാക്കുന്നു. മറ്റുള്ള കളികളിൽ, കൃഷ്ണനോ, ബലരാമനോ, രണ്ടു പേരും കൂടിയോ, അരങ്ങിൽ ആദ്യമായി പ്രത്യക്ഷപ്പെടുന്ന രംഗമാണ് പുറപ്പാട്. കംസവധം കളിയിൽ, പുറപ്പാട് കളിയുടെ ഇടയിലാണ്. വിവിദവധത്തിൽ രണ്ടു പുറപ്പാടുകളുണ്ട് - ആദ്യം കളിയുടെ തുടക്കത്തിലും (ബലരാമനും പത്നിമാരും), പിന്നീട് അൽപം കഴിഞ്ഞും (കൃഷ്ണൻ, ഭീമൻ, അർജ്ജുനൻ). സ്വർഗ്ഗാരോഹണത്തിൽ പുറപ്പാടില്ല. സ്വർഗ്ഗാരോഹണമൊഴിച്ച്, എല്ലാ കളികളും ധനാശിയിൽ അവസാനിക്കുന്നു. അവസാനത്തെ രംഗത്തുള്ള വേഷങ്ങൾ, കാളിയമർദ്ദനത്തിലെ അഞ്ചാമത്തെ പദത്തിലുള്ള "*നാരായണാ, നരകാന്തകാ* "എന്നു തുടങ്ങുന്ന വരികൾ പാടി ചുവടുവെക്കുന്നതാണ് ധനാശി. വേഷങ്ങൾ രംഗത്തു നിന്ന് നിഷ്ക്രമിച്ച ശേഷം, കഥാവസാന മംഗളമായി, ഒരു ശ്ളോകം ചൊല്ലുന്നു. അതിനു ശേഷം, മദ്ദളങ്ങളും, ഇലത്താളവും, ചേങ്ങലയും കൊട്ടുന്നു. തുടക്കത്തിലെന്നപോലെ, മദ്ദളത്തിൽ രണ്ടു മൂന്നു തവണ കൊട്ടി, കളി അവസാനിക്കുന്നു.

| കളികൾ | കഥാവസാന മംഗള ശ്ലോകം |
|---|---|
| അവതാരം | കേളീലോലം ... (അവതാരം) |
| കാളിയമർദ്ദനം | കേളീലോലം ... |
| രാസക്രീഡ | ദേവൈവരേവം ... (രാസക്രീഡ) |
| കംസവധം | സാന്ദ്രാനന്ദ ... (രാസക്രീഡ) |
| സ്വയംവരം | കേളീലോലം ... |
| ബാണയുദ്ധം | കേളീലോലം ... |
| വിവിദവധം | സാന്ദ്രാനന്ദ ... |
| സ്വർഗ്ഗാരോഹണം | കേളീലോലം ... |

**കളിയെപ്പറ്റി ചില വിവരങ്ങൾ**

പാട്ടുകാർ പിന്നിൽ നിന്നു പാടുക, നടന്മാർ ആടുക എന്നതാണ് കളിയുടെ പൊതുസ്വഭാവം. കൃഷ്ണഗീതിയിലെ ശ്ളോകങ്ങളും പദങ്ങളും രണ്ടു പാട്ടുകാർ പാടുന്നു. ഒന്നാം പാട്ടുകാരൻ ചേങ്ങല ഉപയോഗിക്കുന്നു; രണ്ടാം പാട്ടുകാരൻ ഇലത്താളവും. ശുദ്ധമദ്ദളം, തൊപ്പിമദ്ദളം, ഇടയ്ക്ക എന്നിവയുടെ അകമ്പടിയോടെ, രണ്ടു പാട്ടുകാരും പിന്നിൽ നിന്ന് വഴിക്കുവഴി പാടിപ്പോവുന്നു. യുദ്ധരംഗങ്ങളിൽ ഇടയ്ക്ക ഉപയോഗിക്കുന്നില്ല. കൃഷ്ണാട്ടത്തിൽ, ശ്ളോകങ്ങളും പദങ്ങളും, ഒന്നാം പാട്ടുകാരൻ പാടുന്നു; രണ്ടാം പാട്ടുകാരൻ ആവർത്തിക്കുന്നു. ചില പദങ്ങളും ശ്ളോകങ്ങളും ആവർത്തിച്ചു പാടുന്നു. ഉദാഹരണമായി അഥ തൗ ദധതൗ, ഘോരതര കോപഭര (സ്വയംവരം), ധരണീരമണീയ (വിവിദവധം). കൃഷ്ണഗീതിയിലെ ചില ശ്ളോകങ്ങളും പദങ്ങളും കളിയിൽ പാടാറില്ല. രാഗതാളങ്ങൾക്കനുസരിച്ചാണ് നൃത്തവും നടനവും; പാട്ടിനനുസരിച്ചല്ല.

പാട്ടുകാർക്കും കളിവിളക്കിനുമിടയിലെ കളിയരങ്ങിൽ, വർണ്ണശബളിമയുള്ള വേഷങ്ങളണിഞ്ഞ് നടന്മാർ നൃത്തം ചെയ്യുകയും നടിക്കുകയും ചെയ്യുന്നു. കൃഷ്ണാട്ടത്തിൽ അഞ്ചുതരം വേഷങ്ങളും (പച്ച, പഴുപ്പ്, കത്തി, മിനുക്ക്, കരി), പൊയ്മുഖങ്ങളും ഉപയോഗിക്കുന്നു. കൃഷ്ണൻ, വസുദേവൻ, കംസൻ, നന്ദഗോപൻ, ഉദ്ധവൻ, മുചുകുന്ദൻ, ദന്താവക്ത്രൻ, രുഗ്മി, അർജ്ജുനൻ, ജരാസന്ധൻ എന്നീ വേഷങ്ങൾക്കു പച്ച ഉപയോഗിക്കുന്നു. രാജസ സ്വഭാവമുള്ള ദുഷ്ടകഥാപാത്രങ്ങൾക്ക് (രാസക്രീഡയിലെ ശംഖചൂഡൻ, വിവിദവധത്തിലെ ശിശുപാലൻ, ബാണയുദ്ധത്തിലെ ബാണൻ), കത്തി ഉപയോഗിക്കുന്നു. എന്നാൽ സ്വയംവരത്തിലെ ശിശുപാലന് പച്ച വേഷമാണ്. ബലരാമനും, ശിവനും, ഭീമനും പഴുപ്പ് വേഷമാണ്. സ്ത്രീവേഷങ്ങൾക്കും, നാരദൻ, സാന്ദീപനി, യവനൻ,

എന്നിവർക്കും മിനുക്ക്. ചെത്തുകാരനും കുചേലനും മുഖത്ത് തേപ്പില്ല. യശോദ, ഭൂമീദേവി, രാധ, സത്യഭാമ എന്നി സ്ത്രീ വേഷങ്ങൾക്ക് മുഖത്ത് പച്ച തേപ്പും ചുട്ടിയും ഉണ്ട്. പൂതന, കാട്ടാളൻ എന്നിവർക്ക് കരിയാണ്. (രുഗ്മിണിക്കും, ദേവകിക്കും ആദ്യകാലത്ത് ചുട്ടിയുണ്ടായിരുന്നു. പിന്നീട്, എ. സി. ജി. രാജ കലാനിലയം സൂപ്രണ്ടായ കാലത്ത് ഇവർക്ക് മിനുക്കാക്കി.)

ചില കളികളിൽ ഒരേ നടൻ തന്നെ പല വേഷങ്ങളിൽ പ്രത്യക്ഷപ്പെടുന്നു. ഉദാഹരണമായി, സ്വയംവരത്തിൽ ഒരേ നടൻ തന്നെയാണ് സാന്ദീപനിയും രുഗ്മിണിയുമായി വരുന്നത്. ദന്താവക്ത്രനും സത്രാജിത്തും ഒരേ നടൻ തന്നെ. ഉദ്ധവൻ, മുചുകുന്ദൻ, ശിശുപാലൻ, രുഗ്മി എന്നീ വേഷങ്ങൾ ഒരേ നടൻ തന്നെ അഭിനയിക്കുന്നു.

### പൊയ്മുഖങ്ങൾ

കൃഷ്ണാട്ടത്തിൽ വർണ്ണശബളങ്ങളായ പൊയ്മുഖങ്ങൾ ഉപയോഗിക്കുന്നു. ഓരോ കളിയിലും കാണുന്ന പൊയ്മുഖങ്ങൾ താഴെ പറയുന്നവയാണ്:

അവതാരം : ബ്രഹ്മാവ് (നാലു മുഖം), പൂതന (കരി)

കാളിയമർദ്ദനം : ബകാസുരൻ, ബ്രഹ്മാവ്

രാസക്രീഡ, കംസവധം : പൊയ്മുഖം ഇല്ല

സ്വയംവരം : യമൻ (പച്ച), ജാംബവാൻ (വെളുത്ത വാനര മുഖം)

ബാണയുദ്ധം : മുരാസുരൻ (അഞ്ചു വ്യത്യസ്ത മുഖങ്ങൾ), നരകാസുരൻ (ചുകന്ന താടി), ഘണ്ടാകർണ്ണന്മാർ (കറുത്ത രണ്ടു വ്യത്യസ്ത മുഖങ്ങൾ), ശിവഭൂതങ്ങൾ (ഘണ്ടാകർണ്ണന്മാരുടെ ചെറിയ രൂപം)

വിവിദവധം : വിവിദൻ (കറുത്ത വാനര മുഖം)

സ്വർഗ്ഗാരോഹണം: ബ്രഹ്മാവ്

### ഉപകരണങ്ങൾ

അമ്പ്, വില്ല്, ഗദ, വാൾ, പരിച, ശൂലം, ചക്രം എന്നീ ആയുധങ്ങൾക്കു പുറമേ കൃഷ്ണാട്ടം കളിയിൽ വേറെയും ഉപകരണങ്ങളും ഉപയോഗിക്കുന്നുണ്ട്. ഉണ്ണിക്കൃഷ്ണനെ അടിക്കാനോങ്ങുവാൻ, യശോദ ശരിക്കും ഒരു വടി എടുക്കുന്നു! നവജാതശിശുവായി നീലനിറത്തിലുള്ള ഒരു മരക്കളിപ്പാവ (അവതാരം, സ്വർഗ്ഗാരോഹണം), കാളിയമർദ്ദനത്തിലെ കാളിയൻ, സ്വർഗ്ഗാരോഹണത്തിലെ അനന്തൻ (സർപ്പത്തിന്റെ പാവ), മരത്തിന്റെ ശാഖ (കാളിയമർദ്ദനം, വിവിദവധം, സ്വർഗ്ഗാരോഹണം) എന്നിവയും ഉപയോഗിക്കുന്നുണ്ട്. ബ്രഹ്മാവ്,

മഹാവിഷ്ണു, ശിവൻ, ബാണൻ എന്നിവർക്ക് കൃത്രിമ കൈകളുണ്ട്. ബകാസുരനും, ഗരുഡനും ചായം പൂശിയ ചിറകുകളുണ്ട്. യുദ്ധത്തിൽ ക്ഷീണിതനായ ജാംബവാൻ വടി കുത്തി നടക്കുന്നു. കുചേലന് വടിയും ഓലക്കുടയുമുണ്ട്. വിവിദവധത്തിൽ ധർമ്മപുത്രർ, കൃഷ്ണന്റെ കാൽ, കിണ്ടിയിലെ വെള്ളമൊഴിച്ച് കഴുകുന്നു; പിന്നീട് കൃഷ്ണൻ കുചേലന്റേയും! സ്വയംവരത്തിൽ ജാംബവാനും കൃഷ്ണനും തമ്മിലും, വിവിദവധത്തിൽ, വിവിദനും ബലരാമനും തമ്മിലും മരച്ചില്ലകളുപയോഗിച്ച് യുദ്ധം ചെയ്യുന്നു. വിവിദവധത്തിൽ, ഇല രണ്ടായി കീറി, കൃഷ്ണൻ ഭീമന് സൂചന നൽകുന്നു.

### നിശ്ചലദൃശ്യങ്ങൾ

കൃഷ്ണാട്ടം കളിയിൽ, മനോഹരങ്ങളായ ചില നിശ്ചലദൃശ്യങ്ങളുണ്ട്. ബാണയുദ്ധത്തിലെ ആദ്യ രംഗം സത്യഭാമാസഹിതനായ കൃഷ്ണൻ ഗരുഡവാഹനനായി പ്രാഗ്ജ്യോതിഷപുരത്തേക്ക് യാത്ര ചെയ്യുന്നത് കാണിക്കുന്നു. അത്യന്തം മനോഹരമാണ് ഈ കാഴ്ച. സ്വർഗ്ഗാരോഹണത്തിൽ വൈകുൺഠത്തിലെ രണ്ടു ദൃശ്യങ്ങളുണ്ട്. അനന്തനെ ആധാരമാക്കി ഇരിക്കുന്ന മഹാവിഷ്ണുവിനെ കൃഷ്ണാർജ്ജുനന്മാർ സന്ദർശിക്കുന്നതാണ് ആദ്യത്തെ വൈകുൺഠ ദൃശ്യം. രണ്ടാമത്തെ ദൃശ്യത്തിൽ, അനന്തശായിയായ മഹാവിഷ്ണുവിനു മുന്നിൽ നിരവധി ദീപങ്ങൾ തെളിയിക്കുന്നു; അനേകം സുഗന്ധധൂമങ്ങൾ പൊങ്ങിപ്പരക്കുന്നു. ബാണയുദ്ധത്തിലെ കൈലാസം മറ്റൊരു മനോഹര ദൃശ്യമാണ്.

### നൃത്തവിശേഷങ്ങൾ

അവതാരത്തിലെ (കൃഷ്ണൻ, ബലരാമൻ, അമ്മമാർ) *കുട്ടിഎടുത്താട്ടം*, രാസക്രീഡയിലെ (കൃഷ്ണൻ, ഗോപിമാർ) *മുല്ലപ്പൂചുറ്റൽ*, കംസവധത്തിലെ *കുവലയാപീഡനൃത്തം* എന്നിവ കൃഷ്ണാട്ടത്തിൽ മാത്രം കാണുന്ന പ്രത്യേക നൃത്തവിശേഷങ്ങളാണ്.

### സംഗീതം

കൃഷ്ണാട്ടത്തിൽ ആകെ എഴുപത്താറ് പദങ്ങളുണ്ട്. ഈ പദങ്ങൾക്ക് നിശ്ചിത രാഗങ്ങളും താളങ്ങളുമുണ്ട്. ഇന്ന് ഉപയോഗത്തിലുള്ള രാഗങ്ങൾ ആഹരി, ആനന്ദഭൈരവി, കാനക്കുറിഞ്ഞി, കാംബോജി, കല്യാണി, കേദാരഗൗളം, ഘണ്ടാരം, തോടി, ദേവഗാന്ധാരം, ദ്വിജാവന്തി, നാട്ട, നാട്ടക്കുറിഞ്ഞി, നവരസം, നീലാംബരി, പന്തുവരാളി, പാടി, പുറനീര്, ബിലഹരി, ഭൗളി, ഭൂപാളം, ഭൈരവി, മദ്ധ്യമാവതി, മായാമാളവഗൗളം, മുഖാരി, മോഹനം, രാഗമാലിക, യദുകുലകാംബോജി, വരാളി, ശങ്കരാഭരണം, സാവേരി, സാരംഗം, സൗരാഷ്ട്രം

എന്നിവയാണ്. ഇന്ന് ഉപയോഗത്തിലുള്ള താളങ്ങൾ അടന്ത, ചെമ്പ, ചെമ്പട, പഞ്ചാരി എന്നിവയാണ്.

### കളിസ്ഥലം, സമയം, തീയതികൾ

ഗുരുവായൂരമ്പലത്തിൽ, ഭക്തജനങ്ങളുടെ വഴിപാടായി, നിത്യപൂജകളും അനുഷ്ഠാനങ്ങളും കഴിഞ്ഞ് നട അടച്ച ശേഷം, ഏതാണ്ട് രാത്രി പത്തുമണിയോടെ കൃഷ്ണാട്ടം കളി ആരംഭിക്കുന്നു. ഓരോ കളിയും എതാണ്ട് മൂന്നു മണിക്കൂർ നീണ്ടുനിൽക്കുന്നു. അമ്പലത്തിനുള്ളിൽ ശ്രീകോവിലിന്റെ വടക്കുഭാഗത്താണ് കളിയരങ്ങ്. സാധാരണ ചൊവ്വാഴ്ച കളിയില്ല. എന്നാൽ, വർഷംതോറും വിജയദശമി ദിവസം മുതൽ എട്ടു കളികളും അരങ്ങേറുമ്പോൾ, ചൊവ്വാഴ്ചയും കളിയുണ്ട്. എട്ടാം ദിവസം സ്വർഗ്ഗാരോഹണം കളിച്ച ശേഷം അടുത്ത ദിവസം അവതാരം കളിക്കുന്നു. മെയ് 31ആണ് അമ്പലത്തിലെ അവസാനത്തെ കളി ദിവസം. ജൂൺ മാസം അവധി. ജൂലായ്-ആഗസ്റ്റ് മാസങ്ങളിൽ 41 ദിവസം കളിക്കാരുടെ പരിശീലനകാലമാണ്. സപ്തംബർ 1 മുതൽ അമ്പലത്തിൽ കളികൾ തുടങ്ങുന്നു.

ഗുരുവായൂരമ്പലത്തിലെ ഒരു ദിവസത്തെ കളിക്ക് 1500 രൂപയാണ് വഴിപാടു തുക (2004ലെ വിവരം). ഒരു വർഷം വരെ കളി മുൻകൂട്ടി വഴിപാടാക്കാം. ആവശ്യമനുസരിച്ച്, കൃഷ്ണാട്ടം ഗുരുവായൂർ അമ്പലത്തിനു പുറത്തും കളിക്കുന്നു. പുറം കളിക്ക് ചെലവ് വേറെയാണ്. വിശദവിവരങ്ങൾക്കു സമീപിക്കുക: അഡ്മിനിസ്ട്രേറ്റർ, ഗുരുവായൂർ ദേവസ്വം, ഗുരുവായുർ, 680101.

പാരമ്പര്യമായി, ശിവരാത്രി ദിവസം, ഗുരുവായൂരിനടുത്തെ മമ്മിയൂരിലെ ശിവക്ഷേത്രത്തിൽ ബാണയുദ്ധം കളിക്കുന്നു. അഷ്ടമിരോഹിണി ദിവസം, കിഴക്കേ നടയിലെ മേൽപത്തൂർ ഓഡിറ്റോറിയത്തിൽ അവതാരം കളിക്കുന്നു. കൃഷ്ണഗീതി ദിനത്തിൽ മേൽപത്തൂർ ഓഡിറ്റോറിയത്തിലും ഒരു കളി കളിക്കുന്ന പതിവു ഉണ്ട്. സ്വർഗ്ഗാരോഹണം കളിയിലെ അവസാനത്തെ ശ്ളോകത്തിലെ "*ഗ്രാഹ്യാസ്തുതിർ ഗാഥകൈ*" എന്ന കലിദിനസംഖ്യ അനുസരിച്ച്, കൃഷ്ണഗീതി എഴുതിത്തീർന്ന ദിവസം (തുലാം മുപ്പത്) കൃഷ്ണഗീതി ദിനമായി ആഘോഷിക്കുന്നു.

[കടപ്പാട്: ഈ ലേഖനത്തിന്റെ ആദ്യരൂപം ശ്രദ്ധാപൂർവ്വം വായിച്ച്, തിരുത്തുകൾ നിർദ്ദേശിച്ച കൃഷ്ണാട്ടം ആശാൻ ശ്രീ പരമേശ്വരപ്പണിക്കർക്കും, ശ്രീ പി. രാധാകൃഷ്ണൻ മാസ്റ്റർക്കും നന്ദി. ]